(സി) കർണ്ണാടക, തമിഴ്നാട് ഗവൺമെന്റുകൾക്ക് കീഴിലുള്ള ട്രാൻസ്പോർട്ട് ബസ്സുകളുടെ ചാർജ്ജും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ചാർജ്ജും തമ്മിലുള്ള വ്യത്യാസം എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഒരു തവണ.

(ബി) വരുമാനത്തിൽ 17.25% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി)

	കെ.എസ്.ആർ.ടി.സി. (കി. മീറ്ററിന്)	തമിഴ്നാട് (കി. മീറ്റർ)	കർണ്ണാടക (കി. മീറ്റർ)
ഓർഡിനറി	35 പൈസ	28 പൈസ	30.76 പൈസ
ഫാസ്റ്റ് പാസഞ്ചർ	43 പൈസ	32 പൈസ	37.6 പൈസ
സൂപ്പർ ഫാസ്റ്റ്	46 പൈസ	32 പൈസ	37.76 പൈസ
സൂപ്പർ എക്സ്പ്രസ്	54 പൈസ	32 പൈസ	43.51 പൈസ
സൂപ്പർ ഡീലക്സ്/ എക്സ്പ്രസ്സ്	63 പൈസ	38 പൈസ	51.90 പൈസ

കെ.എസ്.ആർ.ടി.സി.-യുടെ ടൗൺ ടു ടൗൺ ബസ് സർവ്വീസ്

70 [505] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടൗൺ ടു ടൗൺ ബസ് സർവ്വീസ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് സർവ്വീസുകളുടെ എണ്ണം വെട്ടിക്കുറച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) ടൗൺ ടു ടൗൺ ബസ് സർവ്വീസ് ലാഭകരമാണോ; അതോ നഷ്ടത്തിലാണോ പ്രവർത്തിച്ചുകൊണ്ടിരുന്നത്;

(ഡി) കോഴിക്കോട്ടു നിന്നും എത്ര ബസ് സർവ്വീസുകൾ ഓപ്പറേറ്റു ചെയ്തിരുന്നു; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ; ഇപ്പോഴത്തെ എണ്ണം എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ടൗൺ ടു ടൗൺ സർവീസ് സംവിധാനം എന്നാണ് ആരംഭിച്ചതെന്നും ആരംഭ ഘട്ടത്തിലെ എണ്ണവും പിന്നീട് കാലാകാലം വന്ന എണ്ണത്തിലെ വർദ്ധനവും വ്യക്തമാക്കാമോ;

(എഫ്) ലാഭകരമായും യാത്രക്കാർക്ക് സൗകര്യപ്രദമായും നടക്കുന്ന ഈ സർവ്വീസ് നിർത്തലാക്കാനുള്ള നീക്കം പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പല ടൗൺ ടു ടൗൺ സർവ്വീസുകളും നഷ്ടത്തിലാണ് ഓടുന്നത്.

(ഡി) കോഴിക്കോട് നിന്നും 10 എണ്ണം ഓപ്പറേറ്റ് ചെയ്തിരുന്നു. ഇതിൽ 9 എണ്ണം വയനാട് ജില്ലയിലേക്കും 1 എണ്ണം തൃശ്ശൂർ ജില്ലയിലേക്കുമാണ്. ഇപ്പോഴും 10 എണ്ണം ഓപ്പറേറ്റു ചെയ്യുന്നുണ്ട്.

(ഇ) 1997-ലാണ് ടൗൺ ടു ടൗൺ സർവ്വീസ് ആരംഭിച്ചത്. തുടക്കത്തിൽ കണ്ണൂർ, കാസർഗോഡ്, പയ്യന്നൂർ എന്നീ ഡിപ്പോകളിൽ നിന്നും 30 സർവ്വീസുകളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ ആകെ 41 ടൗൺ ടു ടൗൺ സർവ്വീസുകൾ ഓപ്പറേറ്റു ചെയ്യുന്നു.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി.-ഡിപ്പോകൾ അടച്ചുപൂട്ടുന്ന നടപടി

71 [506] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ ഏതെങ്കിലും കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും അടച്ചുപൂട്ടാനുണ്ടായ സാഹചര്യം എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ ഏതെല്ലാമാണെന്ന് ഡിപ്പോ തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly